## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4835** **05.02.2014 ൽ മറുപടിയ്ക്ക്**

### ചാത്തന്നൂർ മണ്ഡലത്തിലെ മണ്ണുസംരക്ഷണ പദ്ധതികൾക്ക് ഭരണാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണുസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട എത്ര പദ്ധതികൾ അംഗീകാരത്തിനുവേണ്ടി കൊല്ലം ജില്ലയിൽ നിന്നും നൽകിയിട്ടുണ്ടെന്നും അത് ഏതൊക്കെയാണെന്നും അറിയിക്കുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള RIDF പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 7 വാട്ടർഷെഡ് പദ്ധതികൾ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി വിവരം ചുവടെ ചേർക്കുന്നു.

| വാട്ടർഷെഡ് പദ്ധതി | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|---|
| മുതുകുന്ന് | തലവൂർ, വിളക്കുടി | 64.00 |
| വടകോട് | ഉമ്മന്നൂർ | 73.00 |
| കൊക്കാട് തേങ്ങറ | മേലില, വെട്ടിക്കവല | 95.00 |
| മണലുവട്ടം | ഇട്ടിവ, ചിതറ, അലയമൺ | 82.32 |
| നാദാകോട് | ചടയമംഗലം, നിലമേൽ, കടയ്ക്കൽ | 82.66 |
| ബ്ലാവടി | കരവാളൂർ, ഏരൂർ | 125.00 |
| മാലയിൽ പരുത്തിയറ | വെളിയം | 108.12 |

(ബി) പ്രസ്തുത പദ്ധതികളിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പദ്ധതികൾ ഉൾപ്പെട്ടിരുന്നുവെന്നും അതിൽ ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും വ്യക്തമാക്കുമോ :

(സി) ചാത്തന്നൂർ മണ്ഡലത്തിലേക്കുള്ള പദ്ധതികൾക്ക് ഒന്നുംതന്നെ ഭരണാനുമതി നൽകിയിട്ടില്ലായെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(ബി) & (സി) ചാത്തന്നൂർ മണ്ഡലത്തിൽ ടി പദ്ധതികൾ ഒന്നും ഉൾപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ